# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 80 26.09.2016- ൽ മറുപടിയ്ക്ക്

### ഗൾഫ് വരുമാനത്തിന്റെ ശോഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. കെ.സി.ജോസഫ്**<br>**ശ്രീ.കെ. മുരളീധരൻ**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. വി.ടി. ബൽറാം** | | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |
| എ) | ഗൾഫ് വരുമാനത്തിന്റെ ശോഷണം കേരള സമ്പദ് ഘടനയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) | ഗൾഫിൽ നിന്നുള്ള വരുമാന ശോഷണത്തിന് കാരണമാകുന്ന തൊഴിൽ ശോഷണവും പ്രവാസികളുടെ എണ്ണത്തിൽ വരുന്ന കുറവും സംബന്ധിച്ച് കേരള സർക്കാരും മിനിസ്ട്രി ഓഫ് ഓവർസീസ് ഇന്ത്യൻ അഫയേഴ്സും ചേർന്ന് 2012 ൽ ഒരു പഠനം നടത്തുകയും *'റിപ്പോർട്ട് ഓൺ കേരള മൈഗ്രേഷൻ സർവ്വേ '* എന്ന പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | സ്വദേശി വത്കരണത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് സൗദിയിലും മറ്റ് ഗൾഫ് രാജ്യങ്ങളിലും കഴിയുന്ന മലയാളികളെ നാട്ടിലെത്തിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | ബി) | ഭാരത സർക്കാരിന്റെ വിദേശ കാര്യ വകുപ്പ്, എംബസി എന്നിവയുമായി സഹകരിച്ച് ദുരിതമനുഭവിക്കുന്ന മലയാളികളെ നാട്ടിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ മടങ്ങി വരുന്നവരെ സഹായിക്കുന്നതിനായി അവർ വരുമ്പോൾ എയർപോർട്ടിൽ ഹെൽപ് ഡെസ്ക് സംവിധാനം ഏർപ്പെടുത്താറുണ്ട്. കൂടാതെ ഓരോ പ്രവാസിക്കും യാത്രാ ടിക്കറ്റും പോക്കറ്റ് മണിയായി 2000 രൂപയും നല്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | മടങ്ങിയെത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് അടിയന്തിര സഹായം നല്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. തിരികെയെത്തുന്ന ദുരിതമനുഭവിക്കുന്ന കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 1,00,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി മലയാളികളുടെ ചികിത്സയ്ക്കോ, മരണപ്പെട്ട പ്രവാസിയുടെ /കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനും മരണപ്പെട്ട പ്രവാസി മലയാളികളുടെ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും പ്രവാസിക്ക്/കുടുംബാംഗങ്ങൾക്ക് വീൽ ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനും ഒറ്റത്തവണയായി നോർക്കാ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം നല്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**